**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **27-06-2022 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി ആരോഗ്യ ഇൻഷ്വറൻസ് കാർഡ് എടുക്കാനും ആളുകളെ കൂട്ടിച്ചേർക്കാനും നിലവിൽ അവസരമുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടികൾ എന്ന് തുടങ്ങുമെന്ന് വിശദമാക്കാമോ? | (എ) | 2018-2019 കാലയളവിൽ സാധുതയുള്ള RSBY/CHIS കാർഡ് കൈവശമുണ്ടെങ്കിൽ പുതിയ പദ്ധതിയിൽ അംഗത്വമെടുക്കാ വുന്നതാണ്. പദ്ധതിയിൽ അംഗത്വം പുതുക്കു ന്നതിന് ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന/ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ (AB-PMJAY/KASP) കീഴിൽ എംപാനൽ ചെയ്ത സർക്കാർ - സ്വകാര്യ ആശുപത്രികളുടെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ കിയോ സ്കുകളെ സമീപിക്കാവുന്നതാണ്. സാമൂഹിക സാമ്പത്തിക ജാതി സെൻസസ്(SECC) 2011 പ്രകാരം പിന്നോക്ക വിഭാഗത്തിലെ കുടുംബങ്ങൾക്കും ഈ പദ്ധതിയിൽ അംഗത്വമെടുക്കാൻ കഴിയും. ഇതിനുപുറമെ അർഹതയുള്ളവരെ പുതുതായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ